**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷം ഓണക്കാലത്ത് ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഭക്ഷ്യ കിറ്റ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; ഈയിനത്തിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ വർഷത്തെ (2022) ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും തുണിസഞ്ചി ഉൾപ്പെടെ 14 ഇനം സാധനങ്ങൾ അടങ്ങിയ 85,69,583 സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ മുഖേന റേഷൻ കടകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (4 അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്‌ജെൻഡേഴ്സിനും ടി ഓണക്കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്‌ജെൻഡേഴ്സിനും കൂടി ആകെ 15,590 ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്.<br><br>01/08/2022 ലെ സ.ഉ.(സാധാ) നം.273/2022/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 447/- രൂപ നിരക്കിൽ ആകെ വിതരണം ചെയ്ത 85,85,173 കിറ്റുകൾക്ക് 383,75,72,331/- രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു. കൃത്യമായ കണക്ക് സപ്ലൈകോയുടെ 2022 ലെ ഓഡിറ്റ് പൂർത്തിയായ ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |
| (ബി) | ഈ വർഷം ഓണത്തിന് ഭക്ഷ്യ കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കാർഡ് ഉടമകൾക്കാണ് കിറ്റ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 2023 ലെ ഓണത്തോടനുബന്ധിച്ച് AAY റേഷൻ കാർഡ് ഉടമകൾക്കും സാമൂഹിക ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 17/08/2023 തീയതിയിലെ സ.ഉ.(കൈ) നം.12/2023/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുണിസഞ്ചി ഉൾപ്പെടെ 14 ഇനം അവശ്യ സാധനങ്ങൾ |

| | | | |
|---|---|---|---|
| | | | അടങ്ങിയ സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ